**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *582 28/10/2016-ൽ മറുപടിയ്ക്ക്**
**സമ്പൂർണ്ണ പാർപ്പിട പദ്ധതി**

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ<br>,, കെ.സി.ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭൂരഹിതരേയും ഭവനരഹിതരേയും കണ്ടെത്തി സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് തദ്ദേശ സ്വയംഭരണവകുപ്പ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സമഗ്ര കേരള വികസനത്തിനുവേണ്ടി 5 വർഷം കൊണ്ട് ജന പങ്കാളിത്തത്തോടെ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികളിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ പാർപ്പിടസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് 28/9/2016 ലെ സ.ഉ. (പി) നം. 41/2016/ആ.സ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. അടുത്ത 5 വർഷം കൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വീടും ഭൂമിയും ഉറപ്പാക്കുക എന്നതാണ് പദ്ധതി. ഭവനരഹിതർ, ഭവന നിർമ്മാണത്തിന് സർക്കാർ ധനസഹായം ലഭിച്ചെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ, വാസയോഗ്യമല്ലാത്ത ലക്ഷം വീടുകളിൽ താമസിക്കുന്നവർ, പുറമ്പോക്ക്, തോട്ടം മേഖല, തീരദേശമേഖല എന്നിവിടങ്ങളിൽ താൽക്കാലിക ഭവനമുള്ളവർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. |
| (ബി) | പ്രസ്തുത പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഭവനരഹിതർ, ഭവന നിർമ്മാണത്തിന് സർക്കാർ ധനസഹായം ലഭിച്ചെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ, വാസയോഗ്യമല്ലാത്ത ലക്ഷം വീടുകളിൽ താമസിക്കുന്നവർ, പുറമ്പോക്ക്, തോട്ടം മേഖല, തീരദേശമേഖല എന്നിവിടങ്ങളിൽ താൽക്കാലിക ഭവനമുള്ളവർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. |

| | | | |
|---|---|---|---|
| (സി) | ഇതിനുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിവരിക്കുമോ? | (സി) | ഇതു സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നതേയുള്ളു. തീരുമാനമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**